
DETROIT
MALAYALEE
ASSOCIATION
www.dmausa.org
DHWANI
ധ്വനി
Vol. 16 | Issue -01 | May 2023


Your Realtor With Results!
KOSHY GEORGE
RE/MAX Classic Realtor
Cell: (586) 524-8021
Office: (248) 646-5000
koshygeorge@remax.net
www.KoshyGeorge.com
RE/MAX
MCNE
Children's Miracle Network Hospitals
HOUR Media Real Estate All-Star
RE/MAX HALL OF FAME
PLATINUM CLUB AWARD
100% CLUB AWARD
RE/MAX CLASSIC TOP AGENT
BLOOMFIELD HILLS
TOP 5% Realtors Nationwide




**OFFICE BEARERS**

*President:* **Sreekumar Kambath**
*Vice President:* **Sudarsana Kurup**
*General Secretary:* **Praveen Nair**
*Joint Secretary:* **Brijesh Gopalakrishnan**
*Treasurer:* **Boby Thomas**
*Joint Treasurer:* **Pradeep Srinivasan**

**BOT**

*Chairman:* **Mohan Panangavil**
*Vice Chairman:* **Rajesh Nair**
*Secretary:* **Manoj Jaiji**
*Ex-Officio:* **Osborne David**

**EDITORIAL BOARD**

*Chief Editor:* **Saijan Kaniyodikal**
**Thomas Karthanal, Shalini Jayaprakash**
**Prince Abraham, Dinesh Lakshmanan**
**Saritha Nair**
*Chief Illustrator:* **Deva Prakash**

**WOMEN'S FORUM**

*WF President:* **Boni Koithara**
*WF Secretary:* **Priya Krishnan**

**YOUTH FORUM**

*Chair Person :* **Aditya Kutty**

**Executive Committee**

Abhilash Paul, Ajith Ayyampilly
Antony Manalel, Binu Mathew
Biju Joseph, Charls Thomas
Diaz Thomas, Dinesh Lakshmanan
George Vannilam, Gigi Paul
Jose Lukose, Jules George
Krishnakumar Nair, Libin John
Madhu Nair, Mathews Cheruvil
Noble Thomas, Paul Kuriakose
Prasant Chandrasekhar, Prince Abraham
Rajesh Kutty, Rojan Thomas
Saijan Joseph, Sajan George Elengikal
Sam Mathew, Sandeep Palakkal
Sanju Koithara, Sunil Paingol
Surendran Nair, Thomas Karthanal
Vinod Kondoor




# CONTENT


**President's Message** ........ 02
*Sreekumar Kambath*

എഡിറ്റോറിയൽ ........ 03
**'താരതമ്യമല്ല പ്രോത്സാഹനമാണ് വേണ്ടത്**
*Saijan Kaniyodikal*

**അനീകം** ........ 05
*സോയ നായർ*

**ആരോ ഒരാൾ** ........ 06
*രാജീവ് ആലുങ്കൽ*

**നമുക്ക് സോളോ യാത്രകളാവാം!** ........ 07
*കെ. പി. ആന്റണി*

**In loving memory of Sholy Nair** ........ 11

**ഒരു തുണ ഒരു തണൽ** ........ 12
*രവി വാര്യത്ത്*

**കുട്ടികളെ മെരുക്കുകയല്ല; ഇണക്കുക** ........ 17
*അഡ്വ. ചാർളി പോൾ*

**VALENTINE'S DAY** ........ 19
*Libin John*

**മണമില്ലാത്ത മുറ്റത്തെ മുല്ലപ്പൂക്കൾ** ........ 21
*തോമസ് കർത്തനാൾ*

**ബഷീർ കാടായി മാറിയ ഒറ്റമരം** ........ 25
*ഗിരിജാ വാര്യർ*

**CONGRATULATIONS GREAT LAKE REGION LEADERS IN FOMAA** ........ 28

**സഹജീവികൾക്ക് ജീവൻ പകർന്ന് നൽകി രക്തദാന ക്യാമ്പ്** ........ 29
*വിനോദ് കോണ്ടൂർ*

**THE MAGICIAN** ........ 31
*Vasudev Selvakumar*

**TEARS** ........ 33
*Nandana Nochiyil*

**THE ENDGAME OF CANCER** ........ 34
*Karthik Prasant*

**CHARITY AND COMMUNITY OUTREACH** ........ 37
*Rajesh Kutty*

**FAREWELL TO MR. SURENDRAN NAIR** ........ 38

**ACHIEVEMENTS** ........ 39






# President's Message

Greeting everyone,

Firstly want to sadly announce the passing away of our active and beloved Women's forum member Smt. Sholy Nair on April 26th 2023. All beautiful memories with her will be cherished in our hearts by the entire DMA family.

I am really honored to serve as President of this prestigious 43-year-old organization that was steered all these years by great visionaries, and I take this opportunity to salute those great leaders who had contributed significantly to make this organization great and well respected in and around Metro Detroit.

Also, I would take this opportunity to thank each and every one of you for the continued support all these years and looking forward to your support this year too. We have a team of dedicated and energetic professionals from different walks of life serving in the Executive committee and along with the Women's forum and Youth Forum, I'm honored to serve the Malayalee community with their wonderful support.

It's a amazing feeling when all of us work towards a common purpose or objective of bringing the Malayalee community together thereby upholding or preserving the tradition of our rich Kerala culture.

We had organized a Blood donation camp in association with Syro Malabar Church on April 29th and more than 50 volunteers' donated and helped us contributed to saving lives for which DMA family is proud of. Taking this opportunity to thank them all for this noble act. Also we are proud to mention that we have carefully reviewed and processed 3 charity requests since the beginning of this year.

As you read this magazine, we are presenting the High On Music 2023 Musical extravaganza featuring four well known singers Vidhu Prathap, Jyotsna, Sachin Warrier and Arya Dhayal with the Live band.

Hope you all enjoy this show with your family. I would like to thank the Sponsors of DMA as none of the events are possible without their continued support.

We do have lots of great community events planned for this entire year and would request anyone to come forward and volunteer with us so that we realize our goals of serving the community Again, thank you all and looking forward to all of your support.

**Sreekumar Kambath**
*President*







## എഡിറ്റോറിയൽ

# താരതമ്യമല്ല പ്രോത്സാഹനമാണ് വേണ്ടത്

"Comparison is the thief of joy." Theodore Roosevelt. 26-ാമത് അമേരിക്കൻ പ്രസിഡന്റായിരുന്ന തീയഡോർ റൂസ് വെൽറ്റിന്റെ പ്രശസ്തമായൊരു വാചകമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

പലരുടെയും ഒരു ക്രൂരവിനോദമാണ് മറ്റുള്ളവരുമായി താരതമ്യം ചെയ്യൽ. പലരും താരതമ്യം ചെയ്യുന്നത് പോസിറ്റീവ് റിസൽട്ട് ഉണ്ടാകും എന്ന് കരുതിയാണ്. എന്നാൽ താരതമ്യത്തിന് ഇരയാക്കപ്പെടുന്നവർ അനുഭവിക്കുന്ന വേദന അതീവ ദുഃസ്സഹമാണ്.

ആത്മവിശ്വാസത്തിന്റെയും അഭിമാനത്തിന്റെയും ധൈര്യത്തിന്റെയും കടയ്ക്കലാണ് താരതമ്യം ചെയ്യുന്നവർ കത്തിവയ്ക്കുന്നത്. അതിന്റെ റിസൽട്ടെല്ലാം നെഗറ്റീവ് ആയിരിക്കും. ഇരയാക്കപ്പെടുന്നവരിൽ കോപവും പ്രതികാരവാഞ്ഛയും ഉടലെടുക്കും. ദുർവിചാരങ്ങളുണ്ടാകും. പരാജയബോധം വളരും. സ്വയം മതിപ്പ് ഇല്ലാതാകും. ഉത്തമ വിശ്വാസം നഷ്ടപ്പെടും. അത്തരക്കാരോട് ഒരിക്കലും മനസ്സ് തുറന്ന് സംസാരിക്കാൻ കഴിയാതെ വരും. ഭയവും നിരാശയും വളരും. പ്രചോദനവഴികൾ അടയും. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ സാധിക്കാതെ വരും. ആക്രമണവാസന വളരും. മറ്റുള്ളവരുമായി അകൽച്ച വർദ്ധിക്കും. ദുഃസ്വഭാവങ്ങളിലേക്ക് നീങ്ങാം.



ഓരോ വ്യക്തിയും വ്യത്യസ്തരും താരതമ്യങ്ങൾക്കതീതരുമാണ്. ബുദ്ധിശക്തി, അഭിരുചി, ഭാവങ്ങൾ, നിറം, സംസാരം, കയ്യക്ഷരം, കൈരേഖ, ശൈലികൾ, ഗന്ധം, മറ്റ് പ്രാവീണ്യങ്ങൾ എല്ലാം വ്യത്യസ്തമാണ്. ഒരാളെപ്പോലെ മറ്റൊരാളില്ല. ആരും ആരെക്കാൾ താഴെയല്ല. ആരും ആരെക്കാൾ മുകളിലുമല്ല. ആരും തുല്യമല്ല. നമ്മൾ നമ്മെത്തന്നെ മറ്റുള്ളവുമായി താരതമ്യം ചെയ്ത് സ്വയം 'insult' ആവരുത്. നാം നമ്മിലെ കഴിവുകൾ നിരന്തരം കണ്ടെത്തി, പരിപോഷിപ്പിച്ച് വളർത്തുകയാണ് ചെയ്യേണ്ടത്. ഓർക്കുക, സൂര്യനും ചന്ദ്രനുമിടയിൽ ഒരു താരതമ്യവും ഇല്ല. അവർ അവരുടെ സമയത്ത് തിളങ്ങുന്നു. നമ്മൾ നമ്മുടേതായ മേഖലകളിൽ തിളങ്ങുവാൻ പ്രാപ്തരാവുക. നമുക്ക് ഉള്ളതിൽ സന്തോഷം കണ്ടെത്തുക. 'Take a second to think about how blessed you are.' ലഭിച്ച നന്മകൾ, നേട്ടങ്ങൾ, സൗഭാഗ്യങ്ങൾ, കഴിവുകൾ, സിദ്ധികൾ എല്ലാം ഓർക്കുമ്പോൾ നമ്മിലെ നിറവുകൾ കണ്ടെത്താനാകും.

സ്വന്തം വീട്ടിലെയും സമൂഹത്തിലെയും ജോലിസ്ഥലത്തെയും മിടുക്കരെ ചൂണ്ടിക്കാട്ടി അവരെക്കണ്ട് പഠിക്ക്, അവരെപ്പോലെയാകണം, നിന്നെയൊക്കെ എന്തിന് കൊള്ളാം, മണ്ടൻ, കഴുത, എന്നൊക്കെപ്പറഞ്ഞ് ആക്ഷേപിക്കുമ്പോൾ താരതമ്യത്തിന് വിധേയമാക്കപ്പെടുന്നവരുടെ മനസ്സിൽ നീറിപ്പുകയുന്ന അപകർഷതാബോധത്തെ പലരും കാണുന്നില്ല.

സ്ഫടികം സിനിമയിൽ ചാക്കോമാഷ് മകനായ ആട് തോമയോട് അടുത്ത വീട്ടിലെ പോലീസുകാരന്റെ മകനെ നോക്കി പഠിക്കാൻ പറയുന്നുണ്ട്. ആടുതോമ അവനെ വീട്ടിൽ നിന്ന് വിളിച്ചുവരുത്തി അവന്റെ കയ്യിൽ കോമ്പസുകൊണ്ട് കുത്തി മുറിവേല്പിച്ച് നാടുവിടുന്ന സീനുണ്ട്. താരതമ്യം ചെയ്യലും അവഗണനയുമെല്ലാം ആഴമേറിയ മുറിവുകൾ സമ്മാനിക്കുമെന്ന് ഇനിയെങ്കിലും തിരിച്ചറിയുക. താരതമ്യമല്ല, പ്രോത്സാഹനമാണ് നല്ല വ്യക്തിത്വങ്ങളെ വാർത്തെടുക്കാൻ അഭികാമ്യം.

വീണ്ടുമൊരു വസന്തകാലം കൂടി മിഷിഗണിൽ സമാഗതമായിരിക്കുകയാണ്. ഇലകൾ പൊഴിച്ച് വസന്തത്തിനായി കാത്തുനിന്നിരുന്ന മരങ്ങളും സ്വന്തം ശരീരം വെടിഞ്ഞ് ഭൂമിമാതാവിന്റെ ഗർഭപാത്രത്തിൽ ചേക്കേറിയ ചെടികളും പൂക്കളുമൊക്കെ ഉണർന്നെണീറ്റ് ഋതുഭേദകൽപനകൾക്കനുസരിച്ച് ഉത്സവാഘോഷങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇനി ഏതാനും മാസങ്ങൾ ആഘോഷങ്ങളുടെയും ഉത്സവങ്ങളുടെയും കാലമാണല്ലോ. വിദേശ മലയാളികളായ നമ്മളും ആഘോഷങ്ങൾക്ക് ഒട്ടും പുറകിലല്ല എന്ന് പറയേണ്ടതില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മിഷിഗണിലേക്ക് ചേക്കേറിയ വിവിധ തലങ്ങളിലുള്ള എല്ലാ മലയാളികളേയും കോർത്തിണക്കിക്കൊണ്ട്, നേതൃത്വം കൊടുത്തുകൊണ്ട് ഡിട്രോയിറ്റ് മലയാളി അസോസ്സിയേഷനും അതിന്റെ ആഘോഷനാളുകളിലേക്ക് കടക്കുകയാണ്. ധ്വനിയുടെ 2023ലെ ആദ്യപതിപ്പ് സവിനയം നിങ്ങൾക്ക് മുൻപിൽ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

**സൈജൻ കണിയോടിക്കൽ** *ചീഫ് എഡിറ്റർ*

Sistar Mortgage
A Nationwide Lender




Buying a home does not need to be scary contact us today to learn more about our amazing low ARM rates starting under 5% in Michigan, Illinos, Florida or Wisconsin

Is an ARM right for you?

Adjustable- Rate Mortgages offer flexibility and lower initial rates.

**CONVENTIONAL LOANS UP TO $726K AVAILABLE**
*only 5% down required.*
*NO points*

**JUMBO LOANS UP TO 2M AVAILABLE**
Only 10% down required.
NO PMI for Credit Scores of 720+

**CASH OUT REFINANCING ALSO AVAILABLE**

**MORE STATES COMING SOON**

**CONTACT**
*US NOW*

(888) 841-4238
(586) 909-2195

**LET'S TALK ABOUT YOUR ARMS OPTIONS. CALL TODAY (888) 841-4238**

**APPLY ONLINE**

SistarMortgage.com

EQUAL HOUSING OPPORTUNITY

* Rates vary with Loan to value, credit score and are subject to market changes. Rates not final until locked.

Corporate NMLS# 68434

# അനീകം



സോയ നായർ
ഫിലാഡൽഫിയ

ഒരതിരിൻ അപ്പുറത്ത് നിന്നും
ഇപ്പുറത്തേക്ക് ഒഴുകുന്ന
സ്നേഹമെത്ര പെട്ടെന്ന്
ഇല്ലാതാകുന്നു.
ഒന്നിച്ച് സ്കൂളിൽപ്പോയവർ,
ഒരു പാത്രത്തിൽ ചോറുണ്ട്,
ഒരു പായയിൽ ഉറങ്ങിയവർ
വർഗ്ഗീയത ചേർത്ത്
മതിലുകൾ കെട്ടി
സ്നേഹം തകർക്കുന്നു.
പടവെട്ടി പൊരുതും പോരാളികളുടെ
ഇറ്റ് വീഴും ചോര മോന്തി
ഉറുമ്പുകൾ നിരാഹാരവ്രതം
അവസാനിപ്പിക്കവേ
അറ്റ് വീഴും ഉടൽരൂപങ്ങൾ
അയൽരാജ്യത്തിൻ ബലം.
നിരാലംബർ തൻ നിലവിളികൾ
നിസ്സഹായരായ്
കാറ്റിനോടൊപ്പം നാടുവിടുന്നു.
ഒരായിരം സ്വപ്നങ്ങൾ
മണ്ണിനുള്ളിൽ മൂടിടുന്നു.
ഭീതി നിറഞ്ഞ കണ്ണുകൾ
ഒളിക്കാനൊരിടം തേടി അലയുന്നു.
ഒരതിരു കാക്കാൻ പോയവന്റെ
നെഞ്ചിലേക്ക്
യാതൊരു അലിവുമില്ലാതെ
നിറയൊഴിക്കുന്നവൻ
പോരാളിയാണു, രാജ്യസ്നേഹിയാണു.
രണഭൂമികൾ
ഉറുമ്പുകൾക്ക് ഉത്സവശാലകൾ;
ജീവൻ വെടിഞ്ഞ ഉടലുകൾ
മൺജീവികൾക്ക് ടൂറിസ്റ്റ് കേന്ദ്രങ്ങൾ.
നിലയുറപ്പിക്കുന്നവന്റെ
തിമിർപ്പുകൾക്കിടയിൽ
ഈ അതിരിൽ നിന്ന്
മറ്റൊരതിരിലേക്ക്
പറന്ന് പോയ പറവകൾക്കോ
എളുപ്പത്തിൽ കിട്ടി പൗരത്വമാറ്റം.
നിലനിൽപ്പിനായ്
തമ്മിൽ തമ്മിൽ പലരും
പൊരുതുമ്പോൾ
എത്രയോ ജീവിതങ്ങൾ
സമാധാനം തേടി പായുകയാണു
ഏതാണു നിങ്ങളുടെ വഴി?
ഇനിയതിൻ ഉത്തരത്തിനായ് തുടങ്ങാം
വീണ്ടുമൊരു പോരാട്ടം..!







രാജീവ് ആലുങ്കൽ

# ആരോ ഒരാൾ

ഇളവെയിൽ പൂക്കളമിട്ടൊരീമുറ്റത്ത്
ഇതുവരെ കേൾക്കാത്ത പദനിസ്വനം
ഇതളിട്ട ഹേമന്ദമറിയാതെ വന്നെന്റെ
ഇടനെഞ്ചിലേക്കെത്തി ലോലതാളം
ആരോ ഒരാൾ വന്നു നിൽക്കയാണപ്പുറം
ഏതോ വിശേഷം പറഞ്ഞുപോകാൻ
ചേതോവികാരങ്ങൾ എന്തുമാകട്ടെ, ഞാൻ
കാതോർത്തിരിക്കണം എന്നു കാമ്യം
തിരശ്ശീലനീക്കവെ നിർവികാരാർദ്രനായ്
ഏതോ ഒരജ്ഞാത താന്തരൂപൻ
പൊയ്മുഖപ്പുറ്റുകൾ താണ്ടിയിന്നിവിടേയ്ക്ക്
വൈകി വന്നെത്തിയ തേതുനിസ്വൻ...?
ജടയിൽ വിരൽകോതി കൂടിയാൽ മനംവാടി
ജഢമെന്നപോലെയീ ദൈന്യരൂപം
ഇവനെന്റെ പ്രായമെന്നറിയാതെയോർത്തുപോയ്
ഇവനും അതേരൂപം ഏറെ സാമ്യം
പേരുചോദിച്ചില്ല, വേരുചോദിച്ചില്ല
പൊരുളറിഞ്ഞവനെ ഞാൻ നോക്കിനിൽപ്പൂ
പാവം വിചാരങ്ങൾ ഒട്ടുമില്ലാത്തൊരു
പഥികൻ, പുറം കാഴ്ച കാണാത്തവൻ
ഇടറും മിഴികളാം കണ്ണാടിയിൽ നോക്കി
വെറുതെ ഞാൻ വായിച്ചു ഈ നൊമ്പരം
ഇവനാണു ഭാരതപൗരൻ ഉപകാര-
മറിയാത്ത സഹതാപ പാപജന്മം

സ്നേഹമറിയാത്തവൻ മോഹമുണരാത്തവൻ
സന്ധിയില്ലാശോകം ഏറ്റിടുന്നോൻ
മകുടിയുതുന്ന കിരാതവൈതാളികർ
മനസ്സിന്റെ സന്ധി തളർത്തിവിട്ടോൻ
അസ്ഥിഖണ്ഡങ്ങളാൽ ഗോപുരം തീർത്തവൻ
അസ്വസ്ഥചിന്ത ചുമന്നിരുന്നോൻ
കുടൽമാലതോരണം തൂക്കുന്ന തെരുവിലെ
കുടിലതന്ത്രങ്ങൾക്ക് ഇരയായവൻ
കടലുപോലുള്ളൊരീ കാലം കടക്കുവാൻ
കലിബാധനൗകയിൽ കയറിവന്നോൻ
വാക്കുകൾ വാതിൽ തുറക്കാത്ത ലോകത്ത്
വാളെടുത്തങ്കം കുറിച്ച വീരൻ
ഒടുവിലായിത്തിരി കാശിനായാദർശ-
മൊരു ബലിപീഠത്തി ലിട്ടുപോന്നോൻ
ആറ്റിക്കുറുക്കിയ ആത്മസത്യങ്ങളെ
ഏറ്റെടുക്കാതെ അലഞ്ഞുവാൻ
വാതിൽക്കൽ വന്നിതാ നിൽപ്പൂ നിസംഗനായ്
ഓർമകളില്ലാത്ത മൂകനായി
രക്തം നനഞ്ഞൊരു ഭൂതകാലത്തിന്റെ
ചിത്രങ്ങളില്ലാത്ത നെഞ്ചുമായി
എന്തുവേണം എന്നു ചോദിച്ചില്ല ഞാൻ
ഒന്നുമോരാതയാൾ പോകയാലേ
സ്വത്വനാഥമായ് തീർന്നവനെന്തിന്
ഇത്തിരിസ്നേഹത്തിൻ ദാഹതീർത്ഥം....

കടപ്പാട്: അക്ഷരകേരളം



കെ. പി. ആന്റണി

# നമുക്ക് സോളോ യാത്രകളാവാം!

## ഒരു സോളോ യാത്രാനുഭവങ്ങൾ

യാത്രകൾ എന്നെയും ചുറ്റുപാടുകളെയും കൂടുതലറിയുന്നതിന് സഹായിക്കുന്നതിനാലാകാം ഞാനൊരു യാത്രികനായി മാറുന്നത്. കൂടുതൽ യാത്രകളും തനിയെയാണ്.

കുടുംബവും കൂട്ടുകാരുമൊത്ത് യാത്ര ചെയ്യുന്നതും സന്തോഷകരം തന്നെ. എന്നാലും തനിയെയുള്ള യാത്രകൾ അനുഭവങ്ങളാലും പുതിയ അറിവുകളാലും കൂടുതൽ സമ്പന്നമാണ്. തീരുമാനങ്ങൾ നമ്മുടേത്. എപ്പോൾ വേണമെങ്കിലും, എങ്ങിനെ വേണമെങ്കിലും മാറ്റം വരുത്താവുന്ന യാത്രകൾ. വളരെ കുറഞ്ഞ ചെലവിൽ പരിഭവമോ പരാതിയോ ഇല്ലാതെ ആസ്വാദ്യകരമാക്കാവുന്ന യാത്രകൾ. കേട്ടും അറിഞ്ഞും പറഞ്ഞും ഏതോ വഴികളിലൂടെ.

കണ്ടേതീരൂ, പോയേ തീരൂ എന്ന് മനസ്സിൽ കോറിയിട്ട സ്ഥലങ്ങൾ ഒട്ടനവധി. ഇതൊക്കെ കാണാനായിട്ടാണല്ലോ ആരോഗ്യത്തോടെ ജീവിതം നീട്ടിക്കിട്ടിയിരിക്കുന്നത്. ഇത്തവണ പോയത് ദക്ഷിണ കർണ്ണാടകയിലേക്ക്. നാല് ദിവസത്തെ യാത്ര. ആലുവായിൽ നിന്ന് ട്രെയിനിൽ മംഗലാപുരം. അവിടെ നിന്ന് ബസ്സിൽ കാർക്കല, കർണ്ണാടകയിലെ ടൂറിസം ഭൂപടത്തിലെ ഒരു പ്രധാന ജംഗ്ഷൻ. കാർക്കലയിൽ രാത്രി ഒമ്പത് മണിയ്ക്കെത്തുമ്പോൾ കോരിച്ചൊരിയുന്ന മഴ. സുഹൃത്ത് മൊയ്തീൻ കാത്തുനിൽക്കുന്നുണ്ടായിരുന്നു. രാവിലെ യാത്ര തുടങ്ങിയതിനു ശേഷം ഒന്നും തന്നെ കഴിച്ചിട്ടില്ലായിരുന്നു. തട്ടുദോശ കഴിച്ച് ചാറ്റൽ മഴയുടെ അകമ്പടിയോടെ ഉറക്കം. രാവിലത്തെ തോർച്ചയിൽ കാർക്കലയിലെ ഉൾവഴികളിലൂടെ - വീതിയും വൃത്തിയുമുള്ള റോഡുകൾ, പച്ചപുതച്ച പരിസരം, പഴമയും പ്രൗഢിയും വിളിച്ചോതുന്ന വീടുകൾ, സൈ്വര്യവിഹാരം നടത്തുന്ന മയിലുകൾ. പശ്ചിമഘട്ടത്തിന്റെ താഴ്‌വാരത്തിലുള്ള കാർക്കല പ്രകൃതിഭംഗി കൊണ്ടും ചരിത്രപ്രാധാന്യമുള്ള പൗരാണിക സ്മാരകങ്ങളാലും അടയാളങ്ങളാലും ശ്രദ്ധേയമാണ്. പ്രധാന ജൈന തീർത്ഥാടന കേന്ദ്രം കൂടിയായ കാർക്കലയിൽ ഹിന്ദു ക്ഷേത്രങ്ങളും ക്രിസ്ത്യൻ -മുസ്ലീം പള്ളികളും അനവധി. ആറ്റൂർ സെന്റ് ലോറൻസ് പള്ളി, കാർക്കല - പ്രശസ്ത ക്രിസ്ത്യൻ തീർത്ഥാടന കേന്ദ്രമായ ഈ റോമൻ കാത്തലിക് പള്ളിയുടെ ചരിത്രം പതിനേഴാം നൂറ്റാണ്ടിൽ തുടങ്ങുന്നു. 1901ൽ പള്ളി വിപുലീകരിക്കുകയും 2001ൽ മുൻഭാഗവും മറ്റും ഇന്ന് കാണുന്ന രീതിയിൽ നിർമ്മിക്കുകയും ചെയ്തു. ഗോഥിക് റോമൻ ശൈലിയിൽ പണിതിരിക്കുന്ന പള്ളി നാനാജാതി മതസ്ഥർ വന്നു ചേരുന്ന ഒരു ആദ്ധ്യാത്മിക കേന്ദ്രമാണ്. ജനുവരിയിൽ നടക്കുന്ന പള്ളിപെരുന്നാളിന് ഒരു ലക്ഷത്തോളം വിശ്വാസികൾ എത്തിച്ചേരാറുണ്ട്.

കുദ്രേമുഖ് പ്ലാൻ ചെയ്താണ് ബസ്സ്റ്റാൻഡിൽ എത്തിയതെങ്കിലും ബസ് വൈകുമെന്നുള്ളതുകൊണ്ടും ചാറ്റൽ മഴയുള്ളതുകൊണ്ടും യാത്ര ശൃംഗേരിയിലേക്ക് മാറ്റി. കാറ്റും ചാറ്റൽ മഴയും തമ്മിലുള്ള സൗഹൃദമത്സരം ആസ്വദിച്ച് കയറ്റങ്ങളും വളവുകളുമുള്ള കുദ്രേമുഖ്



ശ്രീവിദ്യാശങ്കര ക്ഷേത്രം, ശ്രംഗേരി

വനപാതയിലൂടെ ശൃംഗേരിയിൽ.

ബസ് സ്റ്റാൻഡിൽ നിന്ന് അഞ്ച് മിനിട്ട് നടന്ന് മനോഹരമായ പശ്ചിമഘട്ട താഴ്‌വരയിൽ, തുംഗനദിക്കരയിൽ ശ്രീ ശങ്കരാചാര്യർ സ്ഥാപിച്ച നാലു മഠങ്ങളിൽ ഒന്നായ ശ്രീശാരദാമഠം. ഗോപുരം കടന്ന് ക്ഷേത്ര സമുച്ചയത്തിലേക്ക്. പ്രധാന ക്ഷേത്രമായ ശ്രീവിദ്യാശങ്കരക്ഷേത്രം വാസ്തുകലയിലെ അത്ഭുതം തന്നെ. ദ്രാവീഡിയൻ-ഹൊയ്സാല ശൈലികൾ അവലംബിച്ചുള്ള നിർമ്മിതി. പത്താമത്തെ ജഗദ്ഗുരുവായ ശ്രീവിദ്യാശങ്കരതീർത്ഥയുടെ സമാധി ഗുഹയ്ക്ക് മുകളിൽ ശ്രീ ഭാരതതീർത്ഥയ്ക്കും, ശ്രീവിദ്യാശങ്കരതീർത്ഥയ്ക്കും ആദരവെന്ന നിലയിൽ വിജയനഗര സാമ്രാജ്യ ചക്രവർത്തി സഹോദരന്മാരായ ഹരിഹരയും, ബുക്കരയ്യായും 1342ൽ നിർമ്മിച്ചത്. ശ്രീവിദ്യാശങ്കര ക്ഷേത്രവും ശാരദാംബ ക്ഷേത്രവും മറ്റു ക്ഷേത്രങ്ങളും കണ്ട് കുറച്ചു സമയം തുംഗനദിക്കരയിലും ചെലവഴിച്ച് അന്നദാന ഭക്ഷണവും കഴിച്ച് ശൃംഗേരിയുടെ പുറംകാഴ്ചകളിലേക്ക്. കാർക്കലയിൽ തിരിച്ചെത്തി, നേരെ ഗോമതേശ്വര പ്രതിമ. ലോകത്തിലെ രണ്ടാമത്തെ ഉയരമുള്ള ബാഹുബലി പ്രതിമ - സമുദ്ര നിരപ്പിൽ നിന്ന് മുന്നൂറ് അടി ഉയരത്തിൽ, നാല്പത്തിരണ്ട് അടി ഉയരം, എൺപത് ടൺ ഭാരം. അവിടെ നിന്നിറങ്ങി കുറച്ചു നടന്നാൽ ചതുർമുഖ ബസ്തി. കർണ്ണാടകയിലെ ഏറ്റവും പ്രധാനപ്പെട്ട ജൈന സ്മാരകങ്ങളിലൊന്ന്. വലിയൊരു പാറക്കുന്നിന്റെ മുകളിൽ



മാൽപെ ബിച്ചിൽ നിന്ന്



ഗോമതേശ്വര പ്രതിമ,
കാർക്കല

കല്ലിൽ തീർത്ത നൂറ്റിയെട്ട് തൂണുകളിൽ താങ്ങി നിൽക്കുന്ന ഗ്രാനൈറ്റ് മേൽക്കൂര. നാല് ഭാഗത്തുനിന്നും ഗർഭഗൃഹത്തിലെത്താവുന്ന നിർമ്മിതി. സന്ദർശനസമയം പരിമിതമാണ്. ചതുർമുഖ ബസ്തിയിൽ നിന്ന് നടന്നു പോകാവുന്നിടത്ത് തന്നെയാണ് വളരെ പുരാതനമായ അനന്തശയനക്ഷേത്രവും ഗൗഡസാരസ്വതബ്രാഹ്മണരുടെ ശ്രീവെങ്കിട രമണക്ഷേത്രവും. കാർക്കല നഗരത്തിലൂടെ ഒരു സായാഹ്ന സഞ്ചാരം. കാർക്കലയിലും സമീപപ്രദേശങ്ങളിലും ഇനിയും കാണുവാനുള്ള സ്ഥലങ്ങൾ ഒഴിവാക്കി മൂന്നാം ദിവസം രാവിലെ ഉഡുപ്പിയിൽ. ഒരു ബജറ്റ് ഹോട്ടലിൽ മുറിയെടുത്ത് ലഗേജ് (ചെറിയൊരു ബാഗ്) അവിടെ വെച്ച് ഉച്ചഭക്ഷണവും കഴിച്ച് മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ട കുന്ദാപുരയിലേക്ക്. ഭാഷാ രീതിയുടെ പ്രത്യേകത കൊണ്ടും സ്വാദിഷ്ഠമായ വിഭവങ്ങൾ കൊണ്ടും ശ്രദ്ധേയമായ കുന്ദാപുര നഗരത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം മാത്രം.

ലക്ഷ്യം മറവന്തെയാണല്ലോ. ഹൈവേക്ക് ഇരുവശത്തുമായി കടലും നദിയും ഒഴുകുന്ന സ്ഥലം. മറവന്തെ പാലത്തിനടുത്ത് സൗപർണ്ണികാ നദി അറബിക്കടലിനോട് കൂടിച്ചേരുവാൻ ഒഴുകി വന്നപോലെ. എന്തുകൊണ്ടോ തിരിഞ്ഞ് ഒഴുകിയ സൗപർണ്ണിക വീണ്ടും പത്ത് കിലോ മീറ്ററിന് അപ്പുറം അറബിക്കടലിനോട് ചേരുന്നു. കുന്ദാപുരയിൽ നിന്ന് നാഷണൽ ഹൈവേയിലൂടെ പതിനെട്ട് കിലോമീറ്റർ. കന്നഡ ഭാഷാപ്രയോഗം തെറ്റിയതിനാൽ ഒരു സ്റ്റോപ്പ് അപ്പുറം ആണ് ഇറങ്ങിയത്. വീണ്ടും ശക്തമായ മഴ. കുടയുണ്ടായിരുന്നുവെങ്കിലും കാമറയെ കരുതി മഴ കുറയുവാൻ വേണ്ടി അടച്ചിട്ട ഒരു ചെറിയ കടയുടെ വരാന്തയിൽ തനിയെ




ആറ്റൂർ സെന്റ് ലോറൻസ് പള്ളി, കാർക്കല

കാത്തിരുന്നു. മഴ കുറഞ്ഞു. കുടയും ചൂടി മറവന്തെ പാലം ലക്ഷ്യമാക്കി, അറബിക്കടലും സൗപർണ്ണികാ നദിയും മാറിമാറി ആസ്വദിച്ച് നടന്നു. പാലത്തിന് മുകളിൽനിന്ന് ഒരേ സമയം സൗപർണ്ണികാ നദിയും അറബിക്കടലും കാണുവാൻ കുറച്ച് സാഹസപ്പെടേണ്ടി വന്നു. അവിടെ നിന്ന് ഹൈവേയ്ക്കും തീരത്തിനും ഇടയിലൂടെ രണ്ട് കിലോമീറ്റർ നടന്ന് ട്രാസി ബീച്ചിൽ. മഴയത്ത് കളിക്കുന്ന കുട്ടികളടക്കം കുറച്ച് സന്ദർശകർ മാത്രമാണ് ബീച്ചിലുണ്ടായിരുന്നത്. തിരികെ ഉഡുപ്പിയിലെത്തി, മാൽപെ ബീച്ചിൽ. ചാറ്റൽ മഴയത്തും സായാഹ്നം ചെലവഴിക്കാൻ ബീച്ചിൽ എത്തിയവർ കുറവല്ല. കടൽ വളരെ രൂക്ഷമാണ്. സെന്റ് മേരീസ് ഐലൻഡ് യാത്രയും ഒഴിവാക്കി. കടലിൽ ഇറങ്ങുന്നതിനും വിനോദങ്ങൾക്കും നിയന്ത്രണം ഉണ്ടായിരുന്നു. എന്റെ ശ്രദ്ധ അവിടെ നിത്യവൃത്തിക്കായി കച്ചവടം ചെയ്യുന്നവരുടെയും വിനോദവൃത്തികൾ സംഘടിപ്പിക്കുന്നവരുടെയും വിഷമം സ്ഫുരിക്കുന്ന മുഖഭാവങ്ങളിലും അസ്വസ്ഥമായ ചലനങ്ങളിലും ആയിരുന്നു. അവരേയും കാത്ത് അവരുടെ വീടുകളിൽ വിശന്നിരിക്കുന്ന മനുഷ്യരുണ്ടാകില്ലേ? ഭക്ഷണം കിട്ടാനായി ഓടിനടക്കുന്ന നായകളും കണ്ണിലുടക്കി. കാലാവസ്ഥയിലെ മാറ്റം എത്രമാത്രം പ്രതികൂലമാകുന്നു.

നേരെ ഉഡുപ്പി ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. ഭക്തിസാന്ദ്രമായ, സംഗീതസാന്ദ്രമായ അന്തരീക്ഷത്തിൽ കുറച്ച് സമയം ചെലവഴിച്ച് റൂമിൽ എത്തുമ്പോൾ ശക്തമായ മഴ തുടങ്ങിയിരുന്നു. കറണ്ടും പോയി. തോരാമഴ രാവിലെയും തുടരുന്നു. മോശം കാലാവസ്ഥയിലും പാടുബിദ്രി ബീച്ച് (ബ്ലൂ ഫ്ളാഗ് സർട്ടിഫൈഡ്) സന്ദർശിക്കുവാനുള്ള തീരുമാനത്തിൽ മാറ്റം വരുത്തിയില്ല.

ഉഡുപ്പി മംഗലാപുരം റൂട്ടിൽ നാഷണൽ ഹൈവേയിൽ നിന്ന് ഓട്ടോറിക്ഷയിൽ. മോശം കാലാവസ്ഥ കാരണം പോകുന്ന വഴിയും ബീച്ചും വിജനം. കാറ്റത്തും മഴയത്തും ബീച്ചിലൂടെ കുറച്ചു സമയം. ഒഴിഞ്ഞുകിടക്കുന്ന ഇരിപ്പിടങ്ങളും വിജനതയും സാൽവദോർ ദാലിയെ ഓർമ്മിപ്പിച്ചു. വന്ന ഓട്ടോറിക്ഷയിൽ തന്നെ ബസ് സ്റ്റോപ്പിലേക്ക്. മംഗലാപുരത്തുനിന്ന് ട്രെയിനിൽ തിരിച്ച് നാട്ടിലേക്ക്. തിരുവനന്തപുരത്ത് കല്യാണത്തിന് പോകുന്ന കുട്ടികളോടൊപ്പം കുറച്ചുസമയം ഞാനും കൂടി.

വ്യത്യസ്ത അനുഭവങ്ങളും കാഴ്ചകളും നൽകിയ ഒരു യാത്ര. പ്രതീക്ഷിക്കാത്ത മഴ യാത്രയിൽ പല മാറ്റങ്ങൾ വരുത്തുന്നതിനും കാരണമായി. പ്രതീക്ഷിച്ച പോലെ ഫോട്ടോഗ്രാഫിയും കഴിഞ്ഞില്ല. പക്ഷേ, മഴ യാത്രയെ കൂടുതൽ ആവേശകരവും ആസ്വാദ്യകരവുമാക്കി!

യാത്രയിലുടനീളം പ്രകൃതിയിലെ മാറ്റങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കുവാൻ പാടുപെടുന്നവരെ നിരീക്ഷിക്കുവാൻ ശ്രമിച്ചു. അവരിൽനിന്നും പലതും ഉൾക്കൊള്ളുവാനും കഴിഞ്ഞു.

ദക്ഷിണ കർണ്ണാടക - പച്ചയണിഞ്ഞ പ്രകൃതി, വൃത്തിയുള്ള മനോഹരമായ ബീച്ചുകൾ, നിബിഡമായ വനങ്ങൾ, മനം കുളിർപ്പിക്കുന്ന വെള്ളച്ചാട്ടങ്ങൾ, നല്ല റോഡുകൾ, സ്വാദിഷ്ടമായ ഭക്ഷണം, റെയിൽ റോഡ് കണക്റ്റിവിറ്റി, കുറഞ്ഞ നിരക്കിൽ കൊള്ളാവുന്ന ലോഡ്ജുകൾ, ഒരു ബജറ്റ് ട്രാവലറെ സന്തോഷിപ്പിക്കുന്ന ഘടകങ്ങൾ.

**കെ. പി. ആന്റണി,**
(എറണാകുളം ചെട്ടികുളം സ്വദേശി, സഞ്ചാരി, ഫോട്ടോഗ്രാഫർ, ആനുകാലിക മാസികകളിൽ എഴുതുന്നു.

حلال
HALAL

# EVERYDAY LUNCH BUFFET



SHAHI PALACE

Indian Kabab & Cuisine

# 586-722-7363

2079 15 MILE RD, STERLING HEIGHTS, MI 48310

"To live in hearts we leave behind is not to die."
*-Thomas Campbell*

With a heavy heart, we honor the memory of Sholy Nair, a much-loved member of the Detroit Malayalee Association who recently passed away. She has left a gaping void in the hearts of all the people who knew her.

Sholy was born in Thalassery, Kerala on August 10th, 1977, as the youngest of two daughters to her wonderful parents K. Karunakaran and Shyamala Karunakaran. Shilly Prakash is her older sister. Sholy did her schooling at Adarsha Vidyalaya, Bangalore. She completed her undergrad from St. Anne's University College, Bangalore and went on to graduate from MLA College, Bangalore. She moved to Michigan in 2001 after her wedding to Sunil Paingol.

Sholy juggled many careers. She was blessed with a perfect family who always encouraged and supported all her dreams of becoming an entrepreneur. She started her career as a reporter for Asianet Television USA. She went on to become the proud owner of Techno Rehab, Inc., a healthcare staffing company in business for more than 20 yrs. She was an Agent to prevent hospitalization at the T.O.N.E Home Health Services, Inc. At the same time, she was a Real Estate Agent with Sholy and Sunil Realtor (S & S Realtor) helping the community in buying commercial and residential properties.

Sholy was an extremely muti-talented person who nurtured many passions. She loved dancing, cooking, sewing, traveling, and practicing yoga. She was exceptionally active in many social circles and participated in many cultural programs in the community. Apart from the DMA, Sholy was also an active member of Kerala Hindus of North America (KHNA) and Detroit Indian Women Association (DIWA). Sholy was the Women's Forum Chair for the Great Lakes Region of the Federation of Malayalee Associations of America (FOMAA). She believed in the spirit of volunteering and indulged in a lot of charity events. She dedicated her countless hours in serving her community through her service and finances.

Even though Sholy was taken too soon, she lived an extraordinary life surrounded by her family and friends who admired her. She is survived by her loving, devoted husband Sunil Paingol and her beautiful, talented children Navya Paingol and Nived Paingol. As a proud mother to Navya and Nived, Sholy believed in encouraging them to the fullest of their potential. She had immense faith in the power of self-discipline and self-motivation as the formulae for success. and in inculcating in her kids the values of humbleness and respect for others. She was the driving force and motivation behind Navya winning the "Miss Teen India USA 2021." With her diligent effort, Sholy was involved in prepping and grooming Navya for the pageant. Fondly called as 'Sholy aunty' by kids, Sholy was adored by the younger generation of the Malayalee community here in Michigan. She always made time to choreograph and organize their dances for various programs.

Sholy was a beautiful person inside out. She deeply cherished all the people around her. As a kind and compassionate soul, she touched so many lives. Her legacy will carry on forever reminding us to live meaningful lives with acts of love and service. Her kind spirit and light will live in the hearts of all those who loved her. She will be forever missed. The DMA family conveys our deepest condolences and prayers to her family.



# ഒരു ഉണ്ണി ഒരു തണൽ



രവി വാര്യത്ത്

എന്തായാലും ഇന്ന് നന്നായി തൊഴാൻ പറ്റി.

ഭാഗ്യം, അല്ലെങ്കിൽ മൂന്നോ നാലോ മണിക്കൂർ വരിയിൽ നിന്ന് മനസ്സിലെ ഭക്തിയൊക്കെ പോയി മറ്റനേകം ചിന്തകളോടെയാണ് നാലമ്പലത്തിന്റെ ഉള്ളിലെത്താറുള്ളത്. പിന്നെ കൃഷ്ണാ ഗുരുവായൂരപ്പാ എന്ന മന്ത്രം ജപിച്ച് തിക്കി തിരക്കിനിടയിൽ തട്ടിയും മുട്ടിയും നടയിലെത്തി ഒന്നു കൈകൂപ്പുമ്പോഴേക്കും

'നടക്കൂ, നടക്കൂ,

തൊഴുതു കഴിഞ്ഞോര് അവിടെ നിൽക്കരുത്

പെട്ടെന്ന് തൊഴണം നടയടക്കാറായി'

മുതലായ കൽപ്പനകളോടെ ഭക്തരെ അവർ തള്ളി മാറ്റുമ്പോൾ ഇത്ര നേരം നിന്നത് ഇതിനായിരുന്നോ കൃഷ്ണാ എന്ന് ചോദിക്കാൻ തോന്നും.

ഇന്ന് തെക്കു പടിഞ്ഞാറ് ഭാഗത്തെ മുതിർന്ന പൗരന്മാർക്കുള്ള വരിയിലൂടെ വേഗം ഉള്ളിലെത്താനായതുകൊണ്ട് മനസ്സിൽ മറ്റൊന്നും ചിന്തിക്കേണ്ടി വന്നില്ല.

ദ്വാരപാലകരുടെ കൽപ്പനകൾക്കൊന്നും ഒരു കുറവുമുണ്ടായിരുന്നില്ല എങ്കിലും നന്നായി തൊഴാൻ പറ്റി. ആ ചാരിതാർത്ഥ്യത്തിൽ ഗണപതിക്ക് മുന്നിൽ ഏത്തമിട്ട് അനന്തശയനവും തൊഴുത് ശ്രീ കോവിലിന്റെ പിന്നിൽ സ്രാഷ്ടാംഗം നമസ്കരിച്ച് വടക്കേ വാതിലിലൂടെ പുറത്തു കടന്ന് ഒരു നുള്ള് ചന്ദനം നെറ്റിയിൽ തൊട്ട് ദേവിയെ തൊഴുത് വടക്ക് പടിഞ്ഞാറോട്ട് നോക്കി മമ്മിയൂരപ്പനെ മനസ്സിൽ സങ്കൽപ്പിച്ച് വീണ്ടും തൊഴുത് ഞാൻ പുറത്തേക്കിറങ്ങി.

ചുമലിൽ ഊരിയിട്ടിരുന്ന കുപ്പായം ധരിച്ച് ഞാൻ ബസ്സ് സ്റ്റാന്റിലേക്ക് നടന്നു.

എന്താ ചൂട്.

കുംഭമാസത്തിലെ സൂര്യൻ അഗ്നിയാണ് വർഷിക്കുന്നത്.

വല്ലാത്ത ദാഹം.

തൊണ്ട വരളുന്നു.

ഞാൻ വഴിവക്കിലെ കൂൾഡ്രിംഗ്സ് സ്റ്റാളിൽനിന്നും



ഒരു സർബത്ത് മേടിച്ചു.

കുഴല് വേണോ കടക്കാരൻ ചോദിച്ചു.

വേണ്ട,

ഞാൻ പറഞ്ഞു.

ഗ്ലാസ് ഇരുചുണ്ടുകളിലും മുട്ടിച്ചു കുടിക്കാനാണ് സുഖം.

അയാൾ തണുത്ത സോഡ ഒഴിച്ചു തന്ന നന്നാരി സർബ്ബത്ത് ഞാൻ കുടിച്ചു.

നല്ല സ്വാദ്.

ചൂടിൽനിന്ന് ഒരൽപ്പം ആശ്വാസം കിട്ടി.

തലങ്ങും വിലങ്ങും നിർത്തിയിട്ടിരുന്ന ബസ്സുകളിൽ എനിക്ക് പോകേണ്ട സ്ഥലത്തേക്കുള്ള ബസ്സ് കണ്ടു പിടിക്കാൻ അൽപ്പം ബുദ്ധിമുട്ടിയെങ്കിലും ഞാൻ കണ്ടെത്തുക തന്നെ ചെയ്തു. മുണ്ട് മടക്കിക്കുത്തി പിൻവാതിലിലൂടെ ഞാൻ ബസ്സിൽ കയറി. ഒന്നോ രണ്ടോ സീറ്റേ ബാക്കിയുണ്ടായിരുന്നുള്ളൂ. കിട്ടിയ സീറ്റിൽ ഞാനിരുന്നു. ഷർട്ടിന്റെ മുകൾഭാഗത്തെ ഒന്നു രണ്ട് കുടുക്കുകൾ അഴിച്ച് മാറിൽ കാറ്റു കൊള്ളിച്ചു. അപ്പോഴാണ് അടുത്തിരിക്കുന്ന ആളെ ഞാൻ ശ്രദ്ധിച്ചത്. അത് പ്രഭാകരൻ മാഷായിരുന്നു. എട്ടു മുതൽ പത്തു വരെ എന്നെ മലയാളം പഠിപ്പിച്ചിട്ടുള്ള പ്രഭാകരൻ മാഷ്. മാഷ്ക്ക് എന്നെ വലിയ ഇഷ്ടമായിരുന്നു. മകനോടുള്ള പോലെ ഒരു സ്നേഹവും. മാഷ് എന്തോ അഗാധമായ ചിന്തയിൽ പുറത്തേക്കു നോക്കിയിരിക്കുന്നു. ഞാൻ മാഷിന്റെ കയ്യിൽ മെല്ലെയൊന്ന് തൊട്ടു കൊണ്ട് ചോദിച്ചു.

മാഷേ....

എന്നെ അറിയൊ.

അദ്ദേഹം ചിന്താമഗ്നനായിക്കൊണ്ടു തന്നെ എന്നെ ഒന്ന് നോക്കി നെറ്റി ചുളിച്ച്, കണ്ണാട കണ്ണോടടുപ്പിച്ച ശേഷം പറഞ്ഞു.

ഇല്ല... മനസ്സിലായില്ല ക്ഷമിക്കണം ട്ടൊ.

അതിനെന്താ മാഷേ എന്നെ പണ്ടു കണ്ടവർക്ക് ഇപ്പോൾ കണ്ടാൽ മനസ്സിലാവില്ല.

താടീം മുടീം നീട്ടി വളർത്തിയപ്പോൾ ഒട്ടും അറിയാതായി.

അതോണ്ട് അറിയാതിരുന്നത് മാഷിന്റെ കുറ്റം കൊണ്ടല്ല.

അതിന് മാഷ് ക്ഷമ പറയുകയൊന്നും വേണ്ട.

ഞാൻ രഘു.

വടക്കെപ്പാട്ടെ......

ഓ... അത് ശരി.

ഇപ്പോൾ ഓർമ്മ വന്നൂട്ടൊ

കുറേ കാലായീലൊ കണ്ടിട്ട്.

താൻ വിദേശത്തെവിടെയൊ അല്ലെ.

എന്നാ വന്നത്.

അല്ല മാഷെ, ഞാനവിടെ നിന്നൊക്കെ പോന്നു.

ഇപ്പോൾ മങ്കരേലാ. പർളിക്കടുത്ത്.

ആണോ അത് നന്നായി.

ഇപ്പോൾ പുറംലോകം കണ്ടോരൊന്നും നാട്ടിലേക്ക് വരാതായി.

നാട്ട്യ പ്രധാനം നഗരം ദാരിദ്ര്യം

നാട്ടിൽ പുറംനന്മകളാൽ സമൃദ്ധം എന്നതൊക്കെ മാറ്റി ചൊല്ലാറായിരിക്കുന്നു.

പണ്ട് എട്ടാം ക്ലാസിൽ മാഷത് ചൊല്ലി പഠിപ്പിക്കുമ്പോൾ ആ മുഖത്തൊരു അഭിമാനമുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ മാഷിന്റെ മുഖത്തു കണ്ട ഭാവം അത് സങ്കടമോ, നിരാശയോ ആണെന്ന് എനിക്കു തോന്നി.

മാഷക്ക് സുഖാണല്ലൊ.

എന്തൊക്കെയാണ് വർത്തമാനങ്ങൾ.

റിട്ടയർമെന്റ് കഴിഞ്ഞ് നാട്ടിൽ സ്വസ്ഥം അല്ലെ.

മാഷ് ഒന്ന് ചിരിച്ചു. അതേ, അതേ, സ്വസ്ഥം. പക്ഷെ സ്വസ്ഥത ഇത്തിരി കൂടിയോ എന്നൊരു സംശയം.

അതെന്താ മാഷേ, മക്കളൊക്കെ കൂടല്ല്യേ?

ഉണ്ണിക്കൃഷ്ണനും, രമയും.

ഉണ്ണിയും ഞാനും ഒരേ ക്ലാസിലായിരുന്നു.

മാഷക്ക് ഓർമ്മല്ല്യേ?

അവരും അവരുടെ കുട്ടികളുമൊക്കെ കൂടെയുള്ളപ്പോൾ സന്തോഷിക്കല്ലേ വേണ്ടത്.

അതെയതേ, നല്ല സന്തോഷം ആവുമായിരുന്നു.

അവർ ഉണ്ടായിരുന്നു എങ്കിൽ.

അതെന്താ മാഷേ അവരാരും ഇവിടെ ഇല്ലേ.

ഇല്ല.

അവരൊന്നും ഇവിടെയല്ല.

എല്ലാവരും അന്യദേശങ്ങളിലാ.

എപ്പോഴെങ്കിലും വന്നാലായി.

ഞാനൊറ്റക്കാ വീട്ടില്.

കുട്ട്യോളുടെ അമ്മയെ കുറച്ചു കാലം മക്കള് കൊണ്ടു പോയിരുന്നു അവരുടെ പ്രസവക്കാലത്ത്. പിന്നെ ആ കുട്ടികളെ ബേബി സിറ്റിങ്ങിൽ ഇരുത്താൻ തുടങ്ങിയപ്പോൾ അമ്മയെ ഇവിടെത്തന്നെ കൊണ്ടു വന്നാക്കി.

ഇപ്പോൾ ഇല്ല. അഞ്ചാറു കൊല്ലായി എന്നെ ഒറ്റക്കാക്കി അവള് പോയി.

അയ്യോ മാഷെ ഞാനറിഞ്ഞില്ലാട്ടോ.



ഞാനാ കയ്യിൽ ഒന്ന് മുറുക്കിപ്പിടിച്ചു.

എന്നിട്ടിപ്പോൾ

മാഷ് ഒറ്റക്ക് ഭക്ഷണമൊക്കെ?

എനിക്കിത്തിരി കഞ്ഞിയേ വേണ്ടൂ. അത് ഞാനുണ്ടാക്കും.

ഒരു നുള്ള് ഉപ്പിട്ട് ഒരു പച്ചമുളക് ഉടച്ചിട്ടാൽ ഭക്ഷണം സുഭിക്ഷായി.

പണ്ട് നന്നായി ഉണ്ടതല്ലെ ഇനി ഇപ്പോൾ ഇതൊക്കെ മതി.

എന്നാലും ഞാനൊരു അനാഥനായ പോലെ ഒരു തോന്നൽ. അതെന്നെ വല്ലാതെ വീർപ്പു മുട്ടിക്കുന്നു.

എപ്പോഴും വേട്ടയാടുന്നു.




തന്നെ നടക്കാൻ പ്രയാസണ്ട്.

എല്ല് തേയ്മാനം.

എണ്ണകളും കുഴമ്പുകളും പുരട്ടി പുരട്ടി എനിക്കു തന്നെ അതിന്റെയൊക്കെ ഗന്ധമായി, കാശില്ലെ.... ഉണ്ട്.

വീടില്ലെ.... ഉണ്ട്. കാണുന്നവർക്കും കേൾക്കു ന്നവർക്കും തോന്നും ഈ വയസ്സ് കാലത്ത് ഇനി മാഷക്കെന്താ വേണ്ടത് എന്ന്. ഒറ്റപ്പെടുമ്പോഴേ രഘൂ അതിന്റെ വിഷമം അറിയൂ. ഒന്ന് മിണ്ടിപ്പറയാൻ ആളില്ലാതെ, കൊച്ചു കൊച്ചു സൗന്ദര്യപ്പിണക്കങ്ങളില്ലാതെ, ഒരാൾ ഒരാൾക്ക് തുണയാവാ നില്ലാതെ എന്ത് ജീവിതം.

താമസിക്കാൻ വലിയ വീടും, കുറേയേറെ കാശും മതിയോ മനുഷ്യന്.

വീടായാൽ അതിൽ ആരെങ്കിലുമൊക്കെ വേണ്ടേ. കളിയും ചിരിയും കരച്ചിലുമൊക്കെ വേണ്ടെ. അടിച്ചുവാരി തുടക്കേണ്ടെ, അടുപ്പ് കത്തിക്കേണ്ട വിളക്ക് കൊളുത്തേണ്ടെ? വേണം രഘൂ, എന്നാലേ അതൊരു വീടാവൂ.

ഇതിപ്പോൾ ഒന്നൂല്യ. പിന്നെ കാശ് അത് കൊടുത്താൽ എല്ലാമൊന്നും കിട്ടില്ല. ഒരു നുള്ള് സ്നേഹം, ആത്മാർത്ഥമായൊരു സാന്ത്വനം അതൊക്കെ എത്ര കാശു കൊടുത്താലാ കിട്ടാ?

കിട്ടില്ലാ രഘൂ

എന്റെ ഏകാന്തമായ ദിന രാത്രങ്ങൾക്ക് പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ല.

കാലം കടന്നു പോകുമ്പോൾ ഓർമ്മകളിൽ കൊഴിഞ്ഞു വീണ വസന്തങ്ങൾ കണ്ണുനീർ പൊഴിക്കുന്നു.

ഇണ ചേരലല്ല ജീവിതം.

ഇരുഹൃദയങ്ങളുടെ കൂടിച്ചേരലാണെന്ന് ഇപ്പോൾ തോന്നുന്നു.

മാഷ് ഒന്ന് നെടുവീർപ്പിട്ടു.

ബസ്സ് യാത്ര തുടങ്ങി.

ചെറിയൊരു കാറ്റ് വന്നു.

ചൂടൊന്ന് കുറഞ്ഞു.

എനിക്ക് മാഷിനെ ഒന്ന് ആശ്വസിപ്പിക്കാൻ തോന്നി.

പക്ഷേ എന്താണ് പറയേണ്ടത് എന്നറിയാതെ ചെറിയൊരു മൗനത്തിന് ശേഷം ഞാൻ ചോദിച്ചു.

കുട്ട്യോളൊക്കെ ഇങ്ങിനെയായാൽ നമ്മളൊക്കെ എന്ത് ചെയ്യും അല്ലേ മാഷെ?

അവർക്ക് സ്നേഹമില്ലാത്തതു കൊണ്ടൊന്നും ഇല്ലാട്ടൊ.

അവർക്കും അവരുടെ ജീവിതമല്ലേ വലുത്.

സുഖസൗകര്യങ്ങളല്ലേ വേണ്ടത്.

അതോണ്ട് ഞാനൊന്നും ആവശ്യപ്പെടാറില്ല. ചോദിക്കാറുമില്ല.

എനിക്ക് പരിഭവങ്ങളും പരാതികളുമില്ല.

അച്ഛൻ ഒറ്റക്ക് താമസിക്കേണ്ട. എല്ലാ സൗകര്യങ്ങളുമുള്ള വൃദ്ധാശ്രമങ്ങളിൽ കൊണ്ടു പോയാക്കാം എന്നൊക്കെ അവർ പറയാറുണ്ട്.

പക്ഷേ രഘൂ വൃദ്ധാശ്രമം എന്നാൽ അനാഥാലയം തന്നെയല്ലേ.

അപ്പോൾ ഞാൻ അനാഥനായി.

ശരിയല്ലേ രഘൂ.

ആ കയ്യിൽ ഒന്നു കൂടി മുറുക്കിപ്പിടിച്ച് മാഷെ... എന്നൊന്ന് വിളിക്കാനല്ലാതെ മറ്റൊന്നിനും എനിക്കായില്ല.

വീണ്ടും ചിന്തകളെ മാറോട് ചേർത്ത് മാഷ് സീറ്റിൽ ചാരി മയങ്ങാൻ തുടങ്ങി.

'ടിക്കറ്റ്,

ടിക്കറ്റ്'

കണ്ടക്ടർ എത്തി.

ഞാൻ പറഞ്ഞു രണ്ടൊറ്റപ്പാലം.

രണ്ടല്ലാട്ടോ മൂന്ന്,

മയക്കത്തിൽനിന്നും ഞെട്ടി ഉണർന്ന മാഷ് പറഞ്ഞു.

കാശ് ഞാൻ കൊടുത്തോളാം എന്നും.

മാഷ് പോക്കറ്റിൽ നിന്നും ഇരു നൂറിന്റെ ഒരു നോട്ടെടുത്ത് നീട്ടിപ്പിടിച്ചു.

ഞാൻ അത് സമ്മതിച്ചില്ലെങ്കിലും കണ്ടക്ടർ അത് വാങ്ങി മൂന്ന് ടിക്കറ്റ് മാഷുടെ കയ്യിൽ കൊടുത്തു.

ഞാനപ്പോൾ പറഞ്ഞു.

വേണ്ടായിരുന്നു

മാഷേ.

ഞാൻ കൊടുക്കുമായിരുന്നില്ലേ കാശ്.

മാഷ് ഒന്ന് ചിരിച്ചു.

ഓ.... അതിനെന്താ രഘൂ.... കുറേക്കാലത്തിന് ശേഷല്ലെ തന്നെ ഞാൻ കാണുന്നത്.

അതിന്റെ സന്തോഷാ എനിക്ക് എന്ന് കൂട്ട്യാ മതി.

ഞാനപ്പോൾ ചോദിച്ചു.

ആരാ മാഷെ മൂന്നാമത്തെ ആൾ?

ഓ... അത് ഞാൻ പറയാം ഇപ്പോൾ ഞാനൊന്ന് മയങ്ങട്ടെ.

മാഷ് വീണ്ടും മയക്കത്തിലേക്ക് പോയി.

ഞാനദ്ദേഹത്തെക്കുറിച്ച് ഓർക്കാൻ തുടങ്ങി. ദേശീയതലത്തിൽ നല്ല അദ്ധ്യാപകനുള്ള പുരസ്കാരം ലഭിച്ച ആളാ. കുട്ടികളോട് ഇത്ര വാത്സല്യത്തോടെ ഇടപെടുന്ന മറ്റൊരു അദ്ധ്യാപകനെ കാണാൻ കിട്ടില്ല. സ്നേഹം കൊടുത്ത് അതിലിരട്ടി തിരിച്ചു വാങ്ങാൻ കഴിവുള്ള ആളായിരുന്നു മാഷ്. വടി കൈ കൊണ്ട് തൊട്ടു പോലും നോക്കാത്ത സ്ക്കൂളിലെ ഒരേ ഒരു അദ്ധ്യാപകൻ. അങ്ങിനെ ഒന്നിന് പുറകെ ഒന്നായി സ്കൂൾ കാലം ഓർത്തു കൊണ്ടിരുന്നപ്പോൾ മാഷ് എന്റെ ചുമലിലേക്ക് ചാഞ്ഞ് ഉറങ്ങാൻ തുടങ്ങി. ഞാൻ മാഷെ ഒന്നു കൂടി ചേർന്നിരുന്ന് ഓർമ്മകളിലേക്ക് തന്നെ തിരിച്ചുപോയി. അതിനിടയിൽ കുട്ടനാടും, പട്ടാമ്പിയും, വാണിയങ്കുളവും കഴിഞ്ഞ് ബസ്സ് ഒറ്റപ്പാലത്തെത്തി. ഞാൻ മാഷെ പതുക്കെ തൊട്ടുണർത്തി പറഞ്ഞു.

ഒറ്റപ്പാലായി മാഷെ ഇറങ്ങാം എന്ന്.

ഇത്ര പെട്ടെന്നൊ എന്നൊരു ചോദ്യത്തോടെ മാഷ് പതുക്കെ എഴുന്നേറ്റു.

ഞാനും എഴുന്നേറ്റു.

മാഷ് സീറ്റിന് മുകളിൽ വെച്ചിരുന്ന ബാഗെടുത്തു.

രണ്ടു ദിവസത്തെ വസ്ത്രങ്ങളാട്ടൊ രഘൂ.

ഞങ്ങൾ മുൻവാതിലിലൂടെ പുറത്തിറങ്ങുമ്പോൾ അദ്ദേഹം പറഞ്ഞു.

ഞാൻ സുഖമായി ഉറങ്ങീട്ടൊ. തന്റെ ചുമലിൽ തലവെച്ച് ശാന്തമായി ഉറങ്ങി.

പിന്നെ താഴെ ഇറങ്ങി നിന്നു കൊണ്ട് മാഷ് അകത്തേക്ക് കൈ ചൂണ്ടിക്കാണിച്ചുകൊണ്ട് വീണ്ടും പറഞ്ഞു.

രഘൂ

അതാ ആ സൈഡ് സീറ്റി ലിരിക്കുന്ന സ്ത്രീയെക്കൂടി വിളിച്ചേക്കൂ.

ഞാൻ ഒരൽപ്പം പരിഭ്രമത്തോടെ മാഷെ ഒന്ന് നോക്കി.

മാഷ് പറഞ്ഞു.



വിളിച്ചോളൂ പേടിക്കേണ്ട.

അതാണ് താൻ ചോദിച്ച മൂന്നാമത്തെ ആൾ.

അത്ര പുതിയതൊന്നും അല്ലാത്തൊരു സെറ്റുമുണ്ട് ചുറ്റി കാറ്റിൽ പറക്കുന്ന മുടി ഒതുക്കി പുറത്തേക്ക് കണ്ണും നട്ടിയിരിക്കുന്ന സ്ത്രീ.

ഞാനവരെ പതുക്കെ ചെന്ന് വിളിച്ചു.

ദാ മാഷ് വിളിക്കുന്നു.

അവർ നിർവികാരയായി കയ്യിലെ തുണി സഞ്ചി യുമായി താഴെയിറങ്ങി.

ഉരുണ്ടുപോയ കാലചക്രങ്ങളുടെ ചാലുകൾ ആ മുഖത്ത് ഞാൻ കണ്ടു. പ്രത്യാശയുടെ രണ്ട് തിരി നാള ങ്ങളും. ഞാൻ മാഷെ ഇത്തിരി മാറ്റി നിർത്തി ചോദിച്ചു.

മാഷെ ആരാ അവർ.

അദ്ദേഹം പറഞ്ഞു.

അനാഥ.

അമ്പലത്തിൽ വെച്ച് പരിചയപ്പെട്ടതാണ്.

മക്കൾ നട തള്ളിയതാ.

എല്ലാം പറഞ്ഞു. എല്ലാം അറിഞ്ഞു.

ഞാൻ വിളിച്ചു.

കൂടെപ്പോന്നു. അനാഥക്ക് അനാഥൻ കൂട്ട്.

മാഷ് ഒന്ന് നന്നായി ചിരിച്ചു.

ഞാൻ അത്ഭുതപ്പെട്ടു. എനിക്ക് അത് വിശ്വസിക്കാനായില്ല. അപ്പോൾ മാഷ് പറഞ്ഞു.

ഒരു തുണ

ഒരു തണൽ

അത്രേള്ളൂ ...

അത്രേള്ളൂ ട്ടൊ.

അത് നന്നായി മാഷെ

വളരെ നന്നായി.

ഇനി മാഷ് ആ ബാഗും സഞ്ചീം എന്റെ കയ്യിൽ തന്നിട്ട് അമ്മേം കൂട്ടി മുന്നിൽ നടന്നോളൂ, ധൈര്യമായി നടന്നോളൂ.

ഒരു ഊന്നുവടി പോലെ

ഞാനുണ്ട് കൂടെ.

അവർ മുന്നിൽ നടന്നു.

മനുഷ്യജന്മങ്ങളുടെ നിഗൂഢതകളാലോചിച്ച്,

കാലത്തിന്റെ വികൃതികൾ ആലോചിച്ച് ഞാനും നടന്നു.

ബാഗ് ചുമലിലും, സഞ്ചി കയ്യിലും തൂക്കി അവർക്ക് പിന്നിലായി ഞാനും നടന്നു.





അഡ്വ. ചാർളി പോൾ
MA.LL.B., DSS
*ട്രെയ്നർ & മെന്റർ*

# കുട്ടികളെ മെരുക്കുകയല്ല; ഇണക്കുക

**നാ**റാണത്തു ഭ്രാന്തൻ എന്ന കവിതയിൽ കവി വി. മധുസൂദനൻനായർ എഴുതി: "ഓരോ ശിശു രോദനത്തിലും കേൾപ്പൂ ഞാൻ ഒരു കോടി ഈശ്വരവിലാപം". ക്രൂരമായ ശിക്ഷാനടപടികളിലൂടെ പലരും കുട്ടികളെ മെരുക്കി വളർത്തുവാൻ ശ്രമിക്കുകയാണ്. സർക്കസ് കൂടാരങ്ങളിലെ മൃഗങ്ങളെ അനുസരിപ്പിക്കുന്നപോലെ അച്ചടക്കം പഠിപ്പിക്കുന്നു. ക്രൂരത ഏറ്റു വാങ്ങേണ്ടി വരുന്നവരുടെ രോദനമാണ് എവിടെയും. ഓരോ കുഞ്ഞിന്റെയും കരച്ചിൽ നമ്മുടെ ഉറക്കം കെടുത്തിക്കൊണ്ടെത്തിയിരിക്കും. മൃഗങ്ങളെ ചട്ടം പഠിപ്പിക്കുന്നതുപോലെയാണ് കുട്ടികളെ വളർത്തേണ്ടതെന്ന ചിന്ത അത്യന്തം ആപത്കരമാണ്. ചട്ടം പഠിപ്പിക്കുന്നവരെ മൃഗം തരംകിട്ടിയാൽ കൊല്ലും. ആനയെ മെരുക്കുന്നവരെ ആന കുത്തിക്കൊല്ലുന്നത് കണ്ടിട്ടില്ലേ. കഴിഞ്ഞ 15 വർഷത്തിനുള്ളിൽ തങ്ങളെ മെരുക്കിയ 354 പാപ്പാന്മാരെ ആന കൊന്നു. മെരുക്കുമ്പോൾ അഗ്നിപർവതമായി ഓരോ കുട്ടിയും മാറുകയാണ്. ആനക്ക് മദം പൊട്ടിയപോലെ ഒരുനാൾ അവൻ പൊട്ടിത്തെറിക്കും. പിന്നെ നാശങ്ങളുടെ വേലിയേറ്റമാകും സംഭവിക്കുക. ആത്മാഭിമാനം നഷ്ടപ്പെട്ടാൽ നിഷേധവികാരവും വിഷാദവുമാണ് ആരിലും ഉണ്ടാവുക. മെരുക്കുമ്പോൾ കോപവും പ്രതികാരവാഞ്ഛയും ഉടലെടുക്കും. ആത്മവിശ്വാസം നശിക്കും. സ്വയംമതിപ്പ് ഇല്ലാതാകും. പരാജയബോധം വളരും. പ്രതിസന്ധികളെ അതിജീവിക്കാൻ കഴിയാതെ പോകും. ഉത്തമവിശ്വാസം നഷ്ടപ്പെടും. ഭയവും നിരാശയും വളരും. ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയാതെ വരും. പ്രചോദനവഴികൾ അടഞ്ഞുപോകും. ദുഃസ്വഭാവങ്ങൾ ഉടലെടുക്കും. അന്തർമുഖരാകും. അക്രമവാസന കാണിക്കും. മാതാപിതാക്കൾ, കുടുംബാംഗങ്ങൾ എന്നിവരെ വെറുക്കും. മെരുക്കലിലൂടെ വളർന്നവർ നാളെ മറ്റുള്ളവരെയും മെരുക്കും. വ്യക്തിത്വവൈകല്യങ്ങൾ ഉണ്ടാകും എന്നിങ്ങനെ മെരുക്കലിന്റെ ദോഷങ്ങൾ നിരവധിയാണ്.

ശാരീരികവും മാനസികവും ലൈംഗികവുമായ പീഡനങ്ങൾക്ക് വിധേയരാകുന്ന കുഞ്ഞുങ്ങളുടെ സ്വഭാവം തകിടം മറിഞ്ഞ് പോകാറുണ്ട്. മാതാപിതാക്കളിൽ നിന്നുള്ള സ്നേഹക്കുറവ്, അവഗണന, തിരസ്കാരം തുടങ്ങിയവ മക്കളുടെ ജീവിതത്തിൽ വിഷാദരോഗത്തിനും ആത്മഹത്യാപ്രവണതക്കും കാരണമാകുന്നുണ്ട്. ഉയർന്ന അളവിലുള്ള പിരിമുറുക്കം കുട്ടികളുടെ തലച്ചോറിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. സ്നേഹാനുഭവങ്ങൾ, സ്നേഹസ്പർശം, ആശ്വസിപ്പിക്കൽ, പ്രചോദിപ്പിക്കൽ, അംഗീകരിക്കൽ, അഭിനന്ദിക്കൽ, പരിഗണിക്കൽ തുടങ്ങി എണ്ണമറ്റ ഇടപെടലുകളിലൂടെയാണ് കുട്ടികളുടെ തലച്ചോർ വ്യത്യസ്തമായ കഴിവുകൾ നേടുന്നത്. അവ തലച്ചോറിലെ സർക്യൂട്ടുകളിൽ വ്യത്യാസമുണ്ടാക്കുന്നു. അനുഭവങ്ങൾ തലച്ചോറിന്റെ ഘടനയെ മാറ്റുന്നുണ്ട്. മെരുക്കലും മറ്റ് ശാരീരികമാനസിക ശിക്ഷകളും തലച്ചോറിന്റെ വികാസപ്രക്രിയയെ ദോഷകരമായി ബാധിക്കും. കുട്ടി അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളെല്ലാം തലച്ചോറിൽ രേഖപ്പെടുത്തുന്നുണ്ട്. മെരുക്കപ്പെട്ടവർ മറ്റുള്ളവരെക്കാൾ വേഗത്തിൽ രോഗികളായി മാറിയേക്കാം. പലരും ആത്മവിശ്വാസം നഷ്ടപ്പെട്ട് മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകും. മെരുക്കപ്പെട്ടവരുടെ തലച്ചോറും ശരീരത്തിലെ സംരക്ഷണസംവിധാനങ്ങളും ശരിയായി



പ്രവർത്തിക്കുന്നില്ല എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ജീവിതത്തെ ഫലപ്രദമായി നേരിടാൻ കഴിയാതെ മെരുക്കപ്പെട്ടവർ കൂമ്പടഞ്ഞു പോയേക്കാം. ജീവിതത്തിലുടനീളം അനുഭവിക്കുന്ന അർത്ഥപൂർണമായ സന്തുഷ്ടിയാണ് മനുഷ്യന്റെ വളർച്ചയും വികസനവും സാധ്യമാക്കുന്നത്. സർഗാത്മകവും സന്തോഷദായകവുമായ അന്തരീക്ഷമാണ് കുടുംബങ്ങളിൽ ഉണ്ടാകേണ്ടത്. "കുട്ടികളെ നല്ലവരാക്കാൻ, അവരെ സന്തുഷ്ടരാക്കുക" എന്നാണ് ഓസ്ക്കാർ വൈൽഡ് എന്ന ഐറിഷ് കവി പറയുന്നത്. മാർട്ടിൻ സെലിഗ്മാന്റെ നേതൃത്വത്തിൽ 1990കളിൽ ഉയർന്നുവന്ന പോസിറ്റീവ് സൈക്കോളജിപ്രകാരം ജീവിതത്തിലും പഠനത്തിലും പരമപ്രധാനം സന്തുഷ്ടിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്നേഹം, സഹാനുഭൂതി, പരിശ്രമശീലം, സർഗാത്മകത, ജിജ്ഞാസ, പ്രേരണ, സംഘപ്രവർത്തനം തുടങ്ങിയവ സന്തുഷ്ടി വർദ്ധിപ്പിക്കും. സന്തുഷ്ടിയുടെയും സൗഹൃദത്തിന്റെയും മാനങ്ങളിൽ വ്യാപരിക്കാൻ കഴിയുന്ന സാഹചര്യം ബോധപൂർവം സൃഷ്ടിച്ചെടുത്താൽ മാത്രമേ കുട്ടികളുടെ ഭാവിയും വ്യക്തിത്വവും ശോഭനമാക്കാനാകൂ.

അച്ചടക്കലംഘനങ്ങളുണ്ടാകുമ്പോൾ ഇടപെടുകയും തിരുത്തുകയും വേണമെന്ന കാര്യത്തിൽ തർക്കമില്ല. അത് കുട്ടി യെ വളർത്താനും നന്മയിലേക്ക് നയിക്കാനും പര്യാപ്തമാകണം. ശിക്ഷ എന്ന വാക്കിന് ബോധനം, പരിശീലനം എന്നാണർത്ഥം. തെറ്റ് ബോധ്യപ്പെടുത്തുക, ശരി ചെയ്യാൻ പരിശീലിപ്പിക്കുക അതാണ് ശിക്ഷകൊണ്ട് ഉദ്ദേശിക്കുന്നത്. തെറ്റായതും അനുചിതമായതുമായ പെരുമാറ്റം പ്രോത്സാഹിപ്പിക്കാതെ ഉചിതവും ആശ്വാസ്യവുമായ പെരുമാറ്റങ്ങൾ അംഗീകരിച്ച് പ്രോത്സാഹിപ്പിച്ചാൽ മതിയാകും. "അരുത്" എന്നതിനു പകരം "എങ്ങനെ"യെന്ന് കാണിച്ചു കൊടുത്താൽ മതി. ശിക്ഷണം എന്നാൽ ഒരുവനെ വളർത്താൻ, വളരാൻ സഹായിക്കുന്ന നിലപാടുകളാണ്. ശിക്ഷണം രക്ഷയുടെ സമീപനമാണ്. വാത്സല്യപൂർവം തെറ്റ് തിരുത്താൻ കുട്ടിയെ സഹായിക്കലാണത്. അതിന് ക്ഷമയും സഹിഷ്ണുതയും വേണം. വീട്ടിലുള്ള വളർത്തുമൃഗങ്ങളെ നമ്മൾ ഇണക്കിയാണ് വളർത്തുന്നത്. കൂടുതൽ സ്നേ ഹിക്കുംതോറും തലോടുംതോറും അവ അവരുടെ നന്മകൾ പുറത്തു കൊണ്ടു വരും. മെരുക്കാൻ ശ്രമിച്ചാൽ അവ രൗദ്രഭാവം കാണിക്കും. പ്രോത്സാഹനം, ലാളന, ശ്രദ്ധ, പരിഗണന, തോളിൽ തട്ടി ഒരഭിനന്ദനം, മെല്ലെ ഒരാലിംഗനം, കവിളിൽ തലോടൽ, ഒരു പുഞ്ചിരി, നെറ്റിയിൽ ഒരു ചുംബനം, അർത്ഥവത്തായ നോട്ടം ഇതു മതി കുട്ടികളെ ഇണക്കി വളർത്താൻ. കുട്ടികളെ മെരുക്കാതെ ഇണക്കുക. അതു വഴി ആത്മാഭിമാനവും ആത്മവിശ്വാസവും നേടി അവർ മിടുക്കരാകട്ടെ.





# Valentine's Day

Valentine's Day is an excellent opportunity for the couples to get together and cherish not only their togetherness but also their families. It's also an annual milestone that ushers in dreams and serves as a beacon of hope and love to the younger generation.

This year DMA very grandly celebrated Valentine's Day on Feb 18th at the Syro Malabar Church Auditorium. The event was spear headed and coordinated By Libin John and Biny Libin along with active support from Boni Koithara /Priya Krishnan and the entire Women's forum and DMA team. The theme for the event was the stuff of dreams and aptly named - Taj Dreamszz. The Taj Mahal backdrop on stage was breathtaking and raised the ambience to a whole new romantic level. Love and romance was ever in the air and all the lovely couples took pictures on the stage and also rode the coyly decorated "couplecycle" on the magically decked up DMA Love street.

Osborne David and Shalu David were the MC's for the program. Libin started the program with a Valentine day significance speech. This was followed by a nice Malayalam 'Kavitha' by Viji Kurup.

What followed was feast of entertaining games conducted by Devika Rajesh and Preethy Boby in which every one not only participated but thoroughly and playfully enjoyed each others' company.



Libin John














After the games, an unprecedented women led hilarious skit "Sthree Sakthikaranam" a Satirical Take directed by Saijan Kaniyodikal followed. All the participants - Shalu David, Neema Joseph, Animma Ajith, Sarita Praveen, Raji George,Shalini Jayaprakash, Boby Thomas and Libin John simply transformed themselves and absolutely rocked the stage.

This was followed by a memorably compiled medley by Rajesh Nair, Sunil Paingol, Preethy Boby and Sandeep Palakkal

To cap it all off, we celebrated the 70th Birthday of one of our founding doyens Mr. Thomas Karthanal with a touching cake cutting ceremony.

As always the best is reserved for the last and Rojan Thomas conducted a bombay auction in his own inimitable style which could never be outdone by even a really bombaywallah.

Courtesies and thanks to - Light and sound by Praveen and Boby Thomas and professional photography by Jacob Mathew.







# മണമില്ലാത്ത മുറ്റത്തെ മുല്ലപ്പൂക്കൾ



തോമസ് കർത്തനാൽ

